*RJ- 290/2025*

തീയതി *12.01.2026*

# ഗുരുവായൂർ ദേവസ്വം വിജ്ഞാപനം

ഗുരുവായൂർ ക്ഷേത്രത്തിലേക്കും ദേവസ്വം അനുബന്ധ സ്ഥാപനങ്ങളിലേക്കും സുരക്ഷാ ചുമതല വഹിക്കുന്നതിന് ഒഴിവുള്ള *17* സെക്യൂരിറ്റി ഗാർഡ് തസ്തികകളിലേക്ക് താല്ക്കാലിക നിയമനം നടത്തുന്നതിന് **21.01.2026**-ാം തീയതി **10.00am** ന് *walk-in-interview* നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.

| തസ്തിക | ഒഴിവ് | വേതനം | പ്രായ പരിധി |
|---|---|---|---|
| സെക്യൂരിറ്റി ഗാർഡ് | *17* | *Rs.21,175/-* | **40-60** നും ഇടയിൽ (*01.01.2026* ന് *60* വയസ്സ് കവിയാത്തവർ ആയിരിക്കണം) |

നിയമന കാലാവധി ഉത്തരവ് തീയതി മുതൽ *30.04.2026* കൂടി ആയിരിക്കും. യോഗ്യരെന്ന് കാണുന്നവരെ പുനർ നിയമനത്തിന് പരിഗണിക്കുന്നതായിരിക്കും.

<u>**യോഗ്യതകൾ -**</u> **സൈനിക, അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്നുമുള്ള *Ex.Servicemen (Army,Navy, Airforce, BSF, CISF, ITBP, CRPF, Assam Rifles & GREF)* ആയിരിക്കണം.** അപേക്ഷകർ ആരോഗദൃഢഗാത്രരും നല്ല കാഴ്ചശക്തിയുള്ള ഹിന്ദുക്കളായ പുരുഷൻമാരും ആയിരിക്കണം.

വയസ്സ്, യോഗ്യതകൾ, ജാതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥനിൽ നിന്നുമുള്ള സ്വഭാവ സർട്ടിഫിക്കറ്റ്, അസി.സർജനിൽ കുറയാത്ത റാങ്കിലുള്ള സർക്കാർ ഡോക്ടറുടെയോ ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെൻററിലെ ഡോക്ടറുടെയോ **മെഡിക്കൽ സർട്ടിഫിക്കറ്റ് (6 മാസത്തിനുള്ളിൽ എടുത്തതായിരിക്കണം) എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.**

മേൽപ്രകാരം രേഖകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ (മൊബൈൽ ഫോൺ നമ്പർ സഹിതം) **ദേവസ്വം ഓഫീസിൽ 8.30am ന്** സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാകേണ്ടതാണ്. (അപേക്ഷയോടൊപ്പം മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഒപ്പു വെയ്ക്കുന്ന ഡോക്ടറുടെ യോഗ്യത, രജി.നമ്പർ, സർട്ടിഫിക്കറ്റ് ഒപ്പു വെച്ച തീയതി എന്നിവ വ്യക്തമല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതായിരിക്കും). വിശദവിവരങ്ങൾ ഗുരുവായൂർ ദേവസ്വം ഓഫീസിൽ നിന്ന് നേരിലോ *0487-2556335, Extn.251,248,235* എന്ന നമ്പറിൽ ടെലിഫോൺ വഴിയോ അറിയാവുന്നതാണ്.

ഒപ്പ്
അഡ്മിനിസ്ട്രേറ്റർ